ഇന്ന ഗവൺമെന്റിനെക്കൊണ്ട് സാധ്യമായിട്ടുള്ള എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

മി. സ്പീക്കർ: ഇവിടെ ചെയറിനു ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. നിയമസഭാ പ്രവർത്തനങ്ങളിൽ, പരസ്പരം ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് അതിന്റേതായ വഴി. പ്രകടനങ്ങൾക്കൊണ്ട് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയിട്ട് യാതൊരു കാര്യവുമില്ല. അതുകൊണ്ട് മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് ചർച്ചകൾ നടത്തി, കഴിയുന്നതും വേഗം ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണണമെന്ന നിർദ്ദേശമാണ് എനിക്കു സമർപ്പിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: 9-ാം തീയതി ഇങ്ങനെയൊരു പരിപാടി ആവിഷ്ക്കരിക്കുന്നു എന്നറിയിച്ചുകൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച (4-ാം തീയതി) നോട്ടീസ് കൊടുത്തു. ഇതറിഞ്ഞപ്പോൾത്തന്നെ 8-ാം തീയതി ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും കക്ഷി നേതാക്കന്മാരും ബഹുമാനപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പങ്കെടുക്കുമെന്നും പറഞ്ഞ് ഗവൺമെന്റ് കത്തു കൊടുത്തു. ഗവൺമെന്റ് ഏതു സമയത്തും ചർച്ചയ്ക്കു തയ്യാറാണ്. അങ്ങിവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെത്തുടർന്ന് കാർഷിക മേഖല വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് കുരുമുളക്, ഏലം, കാപ്പി, തേയില തുടങ്ങിയ വിളകളാണ്. ഇവയുടെ വില വൻതോതിൽ ഇടിഞ്ഞിരിക്കുകയാണ്. 64000 ഹെക്ടർ സ്ഥലത്ത് പതിനായിരക്കണക്കിന് കുടുംബങ്ങളാണ് കുരുമുളക് കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നത്. കിലോയ്ക്ക് 240 രൂപ വിലയുണ്ടായിരുന്ന കുരുമുളകിനു ഇപ്പോൾ വില 60 രൂപയാണ്. കുരുമുളകിന്റെ വില പിടിച്ചു നിർത്തുന്നതിന്, 75 രൂപ തറവില നിശ്ചയിച്ചു കുരുമുളക് സംഭരിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും സംഭരണത്തിലെ അപാകത കാരണം ഇന്നും കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. സംഭരിക്കുന്ന കുരുമുളക് മൂന്നു മാസത്തിനകം ആഭ്യന്തര കമ്പോളത്തിൽ വിൽക്കുമെന്നുള്ള പ്രഖ്യാപനം വൻകിട കുത്തകക്കാരെ സഹായിക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. 30,000 ഹെക്ടർ സ്ഥലത്താണ് ഏലം കൃഷി ചെയ്യുന്നത്. ഒരു ഹെക്ടറിൽ നിന്നും 400 കിലോ ഏലം വരെ ലഭിച്ചിരുന്നതാണ്. കിലോയ്ക്ക് 900 രൂപ വിലയുണ്ടായിരുന്ന ഏലയ്ക്കാക്ക് ഇപ്പോൾ 300 രൂപായിൽ താഴെയാണ് വില. വിലയിടിഞ്ഞതിന്റെ ഫലമായി തോട്ടങ്ങളിൽ ജോലി വൻതോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ഏലച്ചെടിക്കുണ്ടാകുന്ന അഴുകൽ രോഗവും വരൾച്ചയുംമൂലം നൂറുകണക്കിന് ഏക്കർ കൃഷി നശിക്കുവാൻ ഇടയായിട്ടുണ്ട്. 1500 ഹെക്ടർ സ്ഥലത്താണ് കാപ്പി കൃഷി ചെയ്യുന്നത്. ഒരു കിലോ കാപ്പിക്കുരുവിന്

LIBRARY ARCHIVES Kerala Legislative Assembly

130 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ വില 32 രൂപയാണ്. കഴിഞ്ഞ വർഷം പല തോട്ടങ്ങളും വിളവെടുക്കാൻ തയ്യാറായില്ല. ഈ വർഷവും പല തോട്ടങ്ങളും വിളവെടുക്കാതിരിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഒരു ഹെക്ടറിന് 750 രൂപ ഇൻസെന്റീവ് നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ അഞ്ചു നയാപൈസ പോലും അവർക്കു കൊടുക്കാൻ തയ്യാറായില്ല. 25000 ഹെക്ടർ സ്ഥലത്തു വ്യാപിച്ചു കിടക്കുന്നതാണ് തേയിലക്കൃഷി. വൻകിടക്കാരും ചെറുകിടക്കാരുമാണ് ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. പതിനായിരക്കണക്കിനു തൊഴിലാളികളാണ് ഈ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നത്. തേയില കൊളുന്തിന് കിലോഗ്രാമിന് 17 രൂപ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ വില 7 രൂപ മാത്രമാണ്. ഇതിന്റെയെല്ലാം ഫലമായി ഏതാണ്ട് ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന 30 തോട്ടങ്ങൾ അടഞ്ഞു കിടക്കുകയാണ്. മാറി മാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ വളത്തിന്റേയും കീടനാശിനിയുടെയും സബ്സിഡി വെട്ടിക്കുറച്ചതിന്റെ ഫലമായി ഇവയുടെ വില ക്രമാതീതമായി വർദ്ധിക്കാൻ ഇടയായി. കാലാവസ്ഥയിൽ വന്ന വ്യതിയാനവും മണ്ണിന്റെ വളക്കൂറ് നഷ്ടപ്പെട്ടതും ഇടുക്കി ജില്ലയിലെ കാർഷികോല്പാദനത്തിൽ വൻതോതിൽ ഉണ്ടായ ഇടിവ് കാർഷിക മേഖല പ്രതിസന്ധിയിലേക്ക് നീങ്ങാൻ ഇടയാക്കിയിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിനെത്തുടർന്ന് കൃഷിക്കാർ ബ്ലേഡുകാരേയും മറ്റു കൊള്ളപ്പലിശക്കാരേയും സമീപിക്കുന്നതിന് നിർബന്ധിതരായിരിക്കുന്നു. ഇപ്പോൾ ബ്ലേഡുകാരും കൊള്ളപ്പലിശക്കാരും കൃഷിക്കാരെ നിരന്തരം ശല്യപ്പെടുത്തുന്ന റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. കുട്ടികളെ വിദ്യാഭ്യാസത്തിനയയ്ക്കാൻ കഴിയാതെ പല കുടുംബങ്ങളും കുട്ടികളുടെ വിദ്യാഭ്യാസം നിർത്തിവച്ചിരിക്കുകയാണ്. നാണ്യവിളകളുടെ വിലയിടിവിന്റെ ഫലമായി ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് കർഷകത്തൊഴിലാളികളാണ്. ജോലിയില്ലാത്തതിനെത്തുടർന്ന് മിക്ക വീടുകളും മുഴു പട്ടിണിയിലാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ 125 ആളുകൾ ആത്മഹത്യ ചെയ്തു. ഇടുക്കി ജില്ലയിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പല ഘട്ടങ്ങളിലായി ശ്രമിച്ചിട്ടുണ്ട്. ഈ ഗുരുതരമായ സ്ഥിതി വിശേഷം കണക്കിലെടുത്ത് ഇടുക്കി ജില്ലക്ക് അർഹമായ പരിഗണന നൽകുവാൻ ഗവൺമെന്റ് തയ്യാറാകണം. പതിനായിരക്കണക്കിനു കർഷകർ ഇന്നു മുതൽ ജില്ലയിലെ Spices Board ഓഫീസിന്റെയും എ.ഐ.ടി. ഓഫീസിനു മുമ്പിലും പ്രതിരോധം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇന്നു രണ്ടു മണി മുതൽ 51 മണിക്കൂർ നീണ്ടു നിൽക്കുന്ന, നൂറു കണക്കിനു കൃഷിക്കാരും തൊഴിലാളികളും കർഷകത്തൊഴിലാളികളും പങ്കെടുക്കുന്ന സത്യാഗ്രഹം സെക്രട്ടേറിയറ്റിനു മുമ്പിൽ ആരംഭിക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് ശരിയായി പഠിക്കാനും കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന തരത്തിൽ ഒരു പാക്കേജിന് രൂപം നൽകാനും ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, ഇടുക്കി ജില്ലയിലടക്കം സംസ്ഥാനത്ത് 14-1-2005-മുതൽ കുരുമുളക് സംഭരണം തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിൽ മാത്രമായി 5-3-2005-വരെ 14 കേന്ദ്രങ്ങളിൽ നിന്നായി 5099 കൃഷിക്കാരിൽ നിന്ന് 1100.554 ടൺ കുരുമുളക് ഈ പദ്ധതി പ്രകാരം സംഭരിച്ചിട്ടുണ്ട്. ജില്ലയിൽ 15974 പ്രൊഡക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെ 5-3-2005-വരെ 2076.842 ടൺ കുരുമുളക് സംഭരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 12331 കർഷകർക്ക് ഇപ്പോൾ പ്രയോജനം ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെ 40 സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. 30397 പ്രൊഡക്ഷൻ സർട്ടിഫിക്കറ്റുകൾ ഇതുവരെ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ ഒരു ഹെക്ടർ വരെയുള്ള കാപ്പി കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു. ഒരു ഹെക്ടറിന് 720 രൂപാ നിരക്കിലാണ് ഇൻസെന്റീവ് നൽകുക. ഇതിലേക്കായി 4 കോടി രൂപ സർക്കാർ നീക്കിവച്ചു കഴിഞ്ഞു. ബാക്കി ജില്ലകളിൽ വരൾച്ചമൂലം കൃഷി നശിച്ച കർഷകർക്ക് 9.12 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അവർക്ക് വരൾച്ചാ സഹായം കൊടുത്തു കഴിഞ്ഞു. ഇനി കുറച്ചുപേർക്ക് സഹായം കൊടുക്കാനുണ്ട്. പണം ഗവൺമെന്റിൽ നിന്ന് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ കൊടുക്കുന്നതാണ്. കർഷകർക്ക് വിളനാശം സംഭവിച്ചതിന് കൊടുക്കാനുണ്ടായിരുന്ന തുകയും, കൃഷിനാശം മൂലം കർഷകൻ വായ്പയെടുത്തത് തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരെ സഹായിക്കുന്നതിന്, കാർഷിക കടാശ്വാസ നിയമത്തിലെ ആക്റ്റിൽ കർഷകൻ എന്നുള്ള നിർവചനത്തിൽ വരുന്ന കർഷകർക്ക് 29-12-2001-നുശേഷമുള്ള പ്രസ്തുത ആക്ടിലെ കടം എന്ന നിർവചന പ്രകാരം സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 21-1-2004-വരെ സ്റ്റേ കൊടുത്തിട്ടുണ്ട്. ഒരു വർഷത്തേക്ക് ഇതിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തിന്, 218 പേരുടേയും കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും (കേന്ദ്ര ഗവൺമെന്റ് തന്ന ഫണ്ടില്ലാത്തതുകൊണ്ട്) പണം കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 10 കോടി രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ഇതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. 50,000 രൂപയുടെ ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും മദ്ധ്യകാല വായ്പകൾ ദീർഘകാല വായ്പ കളാക്കിമാറ്റി ഗഡുക്കളായി തിരിച്ചടയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രത്യേക മദ്ധ്യകാല വായ്പകളാക്കി മാറ്റുന്നതിനുള്ള സമയപരിധി 31-1-2005 വരെ ദീർഘിപ്പിച്ച് കൊടുത്തിരുന്നു. സഹകരണസംഘങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ ഇവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ അടച്ചുതീർക്കാനുള്ള പദ്ധതിയും നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയ്ക്ക് ഒരു വർഷത്തേക്ക് ജപ്തി നടപടികൾ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ 2003 മുതൽ പ്രാബല്യം വരത്തക്കവിധത്തിൽ കാർഷിക വിളകളുടെ നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ നൂറുശതമാനം വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഇടുക്കി ജില്ലയിലെ കൃഷിക്കാർക്ക് കുറച്ച് ബുദ്ധിമുട്ടുകളുണ്ട്. നെല്ല്, കാപ്പി, കുരുമുളക്, തേയില, ഏലം ഇവയ്ക്കൊക്കെ വില കുറഞ്ഞിട്ടുണ്ട്. പുറം രാജ്യങ്ങളിൽ നിന്നും ഈ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുകൊണ്ടും അതുപോലെതന്നെ വിദേശിടിവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലും കൂടുതൽ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. തേയിലക്കൃഷി നടത്തിക്കൊണ്ടിരുന്ന ടാറ്റാ അവരുടെ കൈയിലുള്ള തോട്ടങ്ങൾ തൊഴിലാളികളെ ഏൽപ്പിച്ച് ടാറ്റാ ടീ നിർത്തലാക്കാൻ നടപടികളെടുക്കുന്നു. ഇരുപതോളം ചെറുകിട തേയില കമ്പനികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഏലത്തിനും കുരുമുളകിനും വില കുറഞ്ഞിട്ടുണ്ട്. ഇതെല്ലാം വച്ചുകൊണ്ട് പ്രത്യേകമായി ഒരു പാക്കേജ് ഈ കൃഷികൾക്ക് ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം. വയനാട്ടിൽ ചെയ്തതുപോലെ ഇടുക്കി ജില്ലയിലെ കൃഷിക്കാരുടെ ബുദ്ധിമുട്ട് തീർക്കാൻവേണ്ടി ഒരു പ്രത്യേക പാക്കേജിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം. ഇത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പണസംബന്ധമായ കുറവുണ്ട്. വളരെക്കൂടുതൽ പണമാണ് ഇപ്പോൾ കർഷകർക്ക് വേണ്ടി ചെലവഴിച്ചത്. വരൾച്ചയുടെ പൈസ മുഴുവൻ ഇടുക്കിയിൽ കൊടുത്തുതീർത്തിട്ടില്ല. 22000-ത്തിൽപരം കർഷകർക്ക് കൊടുക്കാനുണ്ട്. അപേക്ഷ കിട്ടിയതാണ്. അത് പരിശോധിച്ചു വരുന്നു. കിട്ടിയ പണം മുഴുവൻ കൊടുത്തുതീർത്തു. കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയ 70 കോടി രൂപയാണ് കൊടുത്തത്. ഇനിയും പണം കൊടുക്കാനുണ്ട്. ഗവൺമെന്റ് കൊടുക്കുന്ന മുറയ്ക്ക് ഒരു പാക്കേജ് എന്ന നിലയിൽ തീർച്ചയായിട്ടും ഇടുക്കിയിലെ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ആ ചർച്ചയിൽ ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വയനാട്ടിൽ നടത്തിയതുപോലെ ഒരു സ്പെഷ്യൽ പാക്കേജ് ഇടുക്കിയിലും ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : പാക്കേജ് പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് തയ്യാറായത് സ്വാഗതാർഹമാണ്. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ഗവൺമെന്റ് ആദ്യം ഇടപെട്ടത് കുരുമുളക് രംഗത്താണ്. അതിൽ 15251 പ്രൊഡക്ഷൻ സർട്ടിഫിക്കറ്റാണ് കൊടുത്തുകൊണ്ടിരുന്നത്. 12331 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നാണ്. ഇതുപറയുമ്പോൾതന്നെ 25 ശതമാനം കൃഷിക്കാർക്കുപോലും പ്രയോജനം ചെയ്തിട്ടില്ലെന്ന് ഈ കണക്കുകളിൽ നിന്നുതന്നെ വ്യക്തമാകുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ഞാൻ ഒരു സബ്മിഷൻ കൊണ്ടുവന്നപ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് പറഞ്ഞിരുന്നു. അത് പരിഹരിച്ചില്ല. ഇതിന്റെ പ്രതിനിധികളെ വിളിച്ച് എന്നത്തേക്ക് ചർച്ച നടത്താൻ കഴിയുമെന്ന് ഒരു confirmed date പറയാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കൈയേറ്റക്കാർക്ക് കൈവശ സർട്ടിഫിക്കറ്റ് ഇല്ല. കൈയേറ്റക്കാർ ഇടുക്കിയിൽ വളരെ കൂടുതലാണ്. അവർ കൃഷി ചെയ്യുന്നുണ്ട്. ഇതൊക്കെ നമ്മൾ പരിശോധിച്ചു. പരിശോധിച്ചപ്പോൾ കൈവശക്കാർക്ക് കൈവശ സർട്ടിഫിക്കറ്റ് ഇല്ല. പിന്നെ എങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുകയാണ്. കുറെ കയ്യേറ്റക്കാർ കൃഷി ചെയ്യുന്നുണ്ട്. വനഭൂമിയാണ്. പട്ടയമില്ല. പട്ടയം കിട്ടാൻ വിഷമമാണ്. ആ കൈവശ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലല്ലേ ഗവൺമെന്റിന് കുരുമുളക് സംഭരിക്കാൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ പറ്റുകയുള്ളൂ. മനപ്പൂർവ്വമല്ല. അത് എങ്ങനെ പരിഹരിക്കാമെന്ന് നോക്കുകയാണ്. ഒരു ദിവസംകൊണ്ട് മാന്ത്രികവിദ്യകൊണ്ട് നടക്കുകയില്ലല്ലോ. ഒരു അസഹിഷ്ണുതയോ അല്ലെങ്കിൽ അവർ കൃഷി ചെയ്യുന്നതുകൊണ്ടുള്ള വിരോധമോ അല്ല. ..... പഴയ വിരോധം നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ ഇനിയും വേണോ? ..... വേണ്ടല്ലോ. അപ്പോൾ ആ നിലയിൽ ഇടുക്കി ജില്ലയിൽ മാത്രമല്ല കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നം ഒരു കാലത്തും എടുക്കാത്ത വിധത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേകം പ്രത്യേകമായി ഓരോ മേഖലയിലും നെൽകൃഷി മേഖല, അതുപോലെ തെങ്ങ്, കാപ്പി, കുരുമുളക് ഇതിനൊക്കെ നിങ്ങളുടെ കാലത്ത് വില കുറഞ്ഞിട്ടില്ലേ? പക്ഷേ അന്ന് മിണ്ടിയില്ല. കൺവീനർമാരായിട്ടുള്ളവരും മിണ്ടിയിട്ടില്ല. ഒരു പ്രക്ഷോഭവും ഉണ്ടായിട്ടില്ല. പക്ഷെ ഇന്നു ഇതേവരെ Draft-ന് 76 കോടി പ്രതിഫലം കൊടുത്തു. അത് പത്രത്തിലും വന്നിട്ടില്ല. കൃഷിക്കാരന്റെ പ്രശ്നം പരിഹരിക്കാൻ നിങ്ങൾ കൂട്ട നിരാഹാരവും പ്രകടനങ്ങളും നടത്തിയിട്ട് കാര്യമില്ല. നമുക്ക് കൂട്ടായി ആലോചിച്ചു കൈവശം കൃഷിക്കാരന് എങ്ങനെ രേഖയുണ്ടാക്കാമെന്നും നോക്കാം. നമ്മുടെ നാട്ടിലെ കൃഷി ഒരു പ്രത്യേക കൃഷിയാണ്. ദീർഘകാല കൃഷിയാണ്. വടക്കേ ഇൻഡ്യയിലെ പോലെയല്ല. വടക്കേ ഇൻഡ്യയിൽ ഒന്നുകിൽ നെല്ലായിരിക്കും. അല്ലെങ്കിൽ ഗോതമ്പ് ആയിരിക്കും. അല്ലെങ്കിൽ ചോളം ആയിരിക്കും. ചെറിയ ചെറിയ കാലവിളകളാണ്. നമ്മുടെ പെരിനിയൽ Crop സഹായം നഷ്ടപ്പെട്ടാൽ നമുക്ക് വരുന്ന റീ-പ്ലാന്റിംഗ് സബ്സിഡി ഇല്ലാത്തതും അല്ലെങ്കിൽ മറ്റു ബുദ്ധിമുട്ടുകൾ ഇതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ വച്ചതിന്റെ അടിസ്ഥാനത്തിലാണ് 15 കോടി രൂപ കശുവണ്ടിയ്ക്കും 15 കോടി രൂപ കുരുമുളകിനുമായിട്ട് 30 കോടി രൂപ അനുവദിച്ചു കിട്ടിയത്. പത്ത് കോടി രൂപ ഇപ്പോൾ തന്നെ തന്നു കഴിഞ്ഞു. അത് എന്തിനുവേണ്ടി ചെലവാക്കണം എന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചുവരികയാണ്.

10.00 a.m.

(2) ആറന്മുള നിയോജകമണ്ഡലത്തിലെ മെഴുവേലിയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി മാലേത്ത് സരളാദേവി : സർ, എന്റെ മണ്ഡലത്തിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിനെ ബാധിക്കുന്ന അതീവ ഗൗരവമുള്ള പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. മെഴുവേലി ഗ്രാമപഞ്ചായത്ത് പന്തളം പത്തനംതിട്ട പോലീസ് സ്റ്റേഷനിൽനിന്നും വളരെ അകന്നു മാറി സ്ഥിതിചെയ്യുന്ന പ്രദേശമാണ്. മെഴുവേലി ഗ്രാമപഞ്ചായത്തിൽ അടിക്കടി സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. 2003-ൽ ഒരു ഓട്ടോഡ്രൈവറെ അതിദാരുണമാംവിധം ക്ഷുദ്രശക്തികൾ പതിയിരുന്ന് ആക്രമിച്ചതിനെ തുടർന്ന് അദ്ദേഹം മരിക്കാൻ ഇടയായ സംഭവം നിലനിൽക്കുകയാണ്. ഈ കാര്യങ്ങളൊക്കെ പത്തനംതിട്ട, പന്തളം പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടി വരുമ്പോൾ പന്തളം സ്റ്റേഷന്റെ അതിർത്തിയിൽനിന്ന് മെഴുവേലി ഗ്രാമപഞ്ചായത്ത് വളരെ അകന്നുമാറി സ്ഥിതിചെയ്യുന്നു. പന്തളത്തിൽനിന്നും 11 കി. മീറ്ററും പത്തനംതിട്ടയിൽ നിന്നും 14 കി. മീറ്ററും അകന്നുമാറി സ്ഥിതി ചെയ്യുന്ന മെഴുവേലി പഞ്ചായത്തിൽ "ഇലവുംതിട്ട" പ്രദേശങ്ങൾ ചുറ്റിയാണ് ഏറ്റവും കൂടുതലായിട്ട് അക്രമങ്ങളും സംഘട്ടനങ്ങളും ഒക്കെ നടന്നുവരുന്നത്. പത്തനംതിട്ട ജില്ലയിലെ മെഴുവേലി വില്ലേജും കുളനട വില്ലേജിലെ ഉള്ളന്നൂർ മുറിയും ചെന്നീർകര വില്ലേജും ഉൾപ്പെടുത്തി മെഴുവേലി ഗ്രാമപഞ്ചായത്തിലെ "ഇലവുംതിട്ട" ആസ്ഥാനമാക്കി ഒരു

LIBRARY ARCHIVES Kerala Legislative Assembly